(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ആറാട്ടുപുഴ പഞ്ചായത്തിലെ കിളിമുക്ക് കടവത്ത് പാലത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേലിയേറ്റസമയങ്ങളിൽ ചെളിയും മണ്ണും കയറുന്നതുകാരണം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആലപ്പുഴ വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രത്യേക പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

കുറ്റ്യാടി പുഴയോര സംരക്ഷണം

168 (474) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി പുഴയോരം ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയോരം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

(സി) പുഴയോരം ഇടിയുന്നത് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന പരിസരവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി&സി) കുറ്റ്യാടി മണ്ഡലത്തിലെ ഇടിഞ്ഞുകൊണ്ടിരിക്കുന്ന കുറ്റ്യാടി പുഴയോര സംരക്ഷണത്തിനായി Flood Control, Flood damages എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഇടിഞ്ഞുപോയ തീരങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രവൃത്തിയുടെ മുൻഗണനയും ഫണ്ട് ലഭ്യതയുമനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly